# " VIJAYASREE" - PALAKKAD

**First Mid Term Assessment - August 2018**

**Std X** | **മലയാളം II** | **Time 1 hr/ Score 20**

1. സമാനർത്ഥം ഉള്ള പദം തിരഞ്ഞെടുത്തെഴുതുക.
   അക്ഷന്തവ്യം ( മറക്കാനാവാത്ത, പൊറുക്കാനാവാത്ത, ക്ഷമയില്ലാത്ത ) (1)

2. കന്നിനെല്ല് - കന്നിയിലെ നെല്ല് -
   നാക്കില -
   സമാനമായരീതിയിൽ മാറ്റിയെഴുതുക. (1)

3. വാക്യശുദ്ധി വരുത്തുക
   മഴ ശക്തമായതിനെതുടർന്ന് മഴവെള്ളം കയറി വെള്ളപ്പൊക്കഭീഷണിയുണ്ടായ പ്രദേശങ്ങളിലെ ജനങ്ങളെ സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റി പുനരധിവസിപ്പിക്കാൻ തീരുമാനിച്ചു. (2)

4. "ഏനു മേണ്ട "
   " എന്നാല് ഏന് കുടിക്കത്തില്ല. "
   " ഏനു മയറ്റില് ഒരു കമ്പിതമെടീ " ( പ്ലാവില കഞ്ഞി )

   " ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല
   ആട കെടന്നാലറിയാം കാറ്റ് എങ്ങട്ടാ അടിക്കുന്നതെന്ന് "
   ( ഓരോ വിളിയും കാത്ത്)

   പ്രാദേശിക ഭാഷയുടെ ഉപയോഗം സാഹിത്യകൃതിയിലുണ്ടാക്കുന്ന രണ്ടു മേൻമകൾ എഴുതുക. (2)

5. കാറ്റിൽ ഏതോ ദിശയിൽ നിന്നടിച്ചെത്തിയ ശബ്ദങ്ങളുടെ കരിയിലകൾ അപ്പോടെ പാറിപോയിരുന്നു. ഈ വരികൾ കഥയുടെ ഭാവതലത്തെ തീവ്രമാക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക (4)

6. "ഞാറ്റ്മുടി എടുക്കാനായ നാൾ മുതൽ ഞാറ്റുമുടി പോലും എടുക്കാൻ വയ്യാണ്ടായ ഇക്കാലമത്രയും തമ്പുരാൻപാടത്ത്" പണിയെടുത്തിട്ടല്ല........................ "( മാവേലിമൻറം കെ. ജെ.ബേബി)

   ഈ വരികൾ കൂടി പരിഗണിച്ച്, പഴയകാല സാമൂഹ്യാന്തരീക്ഷത്തിൽ കർഷക തൊഴിലാളികൾ നേരിട്ട ചൂഷണത്തെ സാഹിത്യ കൃതികളിൽ ആവിഷ്കരിച്ചിരിക്കുന്ന തെങ്ങിനെയെന്ന് പ്ലാവില കഞ്ഞി എന്ന പാഠഭാഗത്തുനിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വ്യക്തമാക്കുക. (4)

7. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

അമ്മ ഉറങ്ങാറില്ല
പുലരും മുമ്പേ
അടുക്കള ചുമരുകളിൽ
പറ്റിച്ചേരുകയായി

അരികെ പൊക്കിയെടുത്ത്
വെള്ളത്തിലിട്ട്
അടുപ്പിനെ നിലയ്ക്കു നിർത്തി

എത്ര കേണിട്ടും
വെള്ളം തരാത്ത
പിശുക്കൻ പൈപ്പിനെ
ശകാരിച്ച്
കപ്പിയോടും കയറിനോടും
കലമ്പി കലമ്പി
അമ്മ ഒഴുകിനടന്നു
പുറത്തു ചാടി ഉറക്കത്തെ
തിരിച്ചയച്ചുകൊണ്ട്
രാത്രി വന്നിട്ടും
ഉറക്കം മാടി വിളിച്ചിട്ടും
അമ്മ ഉറങ്ങാതിരുന്നു

അപ്പോൾ
കസ്യതി ചാലിച്ച
ഉണ്ണി കണ്ണുകളിലേക്ക്
ഒളിപ്പിച്ചുവെച്ച ഉറക്കത്തെ
കോരി നിറയ്ക്കുകയായിരുന്നു.
അമ്മ

(അമ്മ ഉറങ്ങാറില്ല
ആർദ്ര വി.എസ്)

(6)